**GOVERNMENT OF KERALA**

**Abstract**

Health & Family Welfare Department-Medical Education-Academic-Reservation pattern of seats in Medical Post Graduate Courses in the State-Revised-Orders Issued.

**HEALTH & FAMILY WELFARE (S) DEPARTMENT**

G.O.(Ms)No.195/2021/H&FWD Dated,Thiruvananthapuram, 30/10/2021

**ORDER**

Government are pleased to revise the reservation pattern of seats for the admission to Medical Post Graduate Courses in the State by introducing Service Quota & enhancing Socially and Educationally Backward Communities (SEBC) reservation as detailed in table below from the academic year 2021-2022 onwards. For Dental Post Graduate Courses (MDS), the revised pattern will be implemented from 2022-23 academic year onwards.

| | | |
|---|---|---|
| **SC** | **8 %** | |
| **ST** | **2%** | |
| **SEBC** | **27%** | |
| **EWS** | **10%** | |
| **PD** | **5%** | **Horizontal** |
| **Service Quota** | **10%** | **Horizontal** |
| **Total** | **47% (excluding PD & Service Quota)** | |

2) It is also ordered that the eligibility criteria for service quota will be issued later.

(By order of the Governor)
***Dr Asha Thomas I A S***
***Additional Chief Secretary***

The Commissioner for Entrance Examinations, Thiruvananthapuram
The Director of Medical Education, Thiruvananthapuram.
The Director of Health Services, Thiruvanathapuram
The Director of Insurance Medical Services, Thiruvanathapuram
The Director, SC/ST Department,Thiruvananthapuram
The Director, Backward Classes Development Department, Thiruvananthapuram
The GA(SC) Department (Vide item No. 353 dated 27/10/2021)
Backward Classes Development (A) Department
Higher Education Department
SC/ST Development Department
Law (Opinion F) Department
The Information Officer, Web & New Media, Information & Public Relations. Department, Government Secretariat, Thiruvananthapuram (For publishing in the website).
Stock File/Office Copy(S3/200/2021-Health).

Forwarded /By order

Signed by Kishorkumar K V
Date: 30-10-2021 20:15:48
Reason: Approved

Section Officer

Copy to,
PS to Hon'ble Chief Minister
PS to Hon'ble Minister for Health, Women and Child Development
PA to Additional Chief Secretary, Health and Family Welfare Department

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-10-2021

ഫയൽ നം. ആ.കു.വ.-എസ്3/200/2021-ആ.കു.വ. ഇനം നം: 353

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാഡമിക് - സംസ്ഥാനത്തെ മെഡിക്കൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളിലെ സംവരണം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. "Pattern II" അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

28/10.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ആ.ക.വ-എസ്3/200/2021-ആ.ക.വ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ് |
| 3 | വിഷയം | : | ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-മെഡിക്കൽ വിദ്യാഭ്യാസം-അക്കാഡമിക് -സംസ്ഥാനത്തെ മെഡിക്കൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളിലെ സംവരണം -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26/10/2021 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അല്ല |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്? | : | ശ്രീ.വിജയകുമാർ.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.ആഷ തോമസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/10/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/10/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27/10/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തിയതി | : | 27/10/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

സംസ്ഥാനത്തെ മെഡിക്കൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളിലെ സീററ് സംവരണം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2.കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 2021 ജൂലൈ 30-ലെ C.18018/18/2015-ME-II നമ്പർ കത്തിലൂടെ കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ UG/PG മെഡിക്കൽ /ഡെന്റൽ കോഴ്സുകളിൽ 2021-22 അധ്യയന വർഷം മുതൽ ഓൾ ഇന്ത്യ ക്വോട്ട വിഭാഗത്തിൽ(AIQ) OBC സംവരണം 27% ആയി വർധിപ്പിക്കുകയുണ്ടായി.

3.മെഡിക്കൽ/ഡെന്റൽ പി.ജി പ്രവേശനത്തിന് കേരളത്തിൽ 9% ആണ് SEBC സംവരണം ആയി അനുവദിച്ചു വരുന്നത്. EWS ക്വോട്ട നിലവിൽ വന്നതോട് കൂടി തങ്ങൾക്കു ലഭിക്കുന്ന സംവരണം ആനുപാതികമല്ല എന്നും ആയതു ഉയർത്തണമെന്നും SEBC സംവരണ പരിധിയിലുള്ളവർ ആവശ്യമുയർത്തിയിരുന്നു. 2016-വരെ മെഡിക്കൽ പി.ജി-ക്കും 2017 വരെ MDS നും സർവീസ് ക്വാട്ട നിലവിലുണ്ടായിരുന്നു. പിന്നീട് സർവീസ് ക്വാട്ട സുപ്രീം കോടതി ഉത്തരവിനെ തുടർന്ന് ഇല്ലാതാവുകയും ചെയ്തു .എന്നാൽ തമിഴ്നാട് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷനും മറ്റുള്ളവരും സമർപ്പിച്ച WP(c)No. 196/2018 നമ്പർ കേസിന്റെ 31/08/2020-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ, സുപ്രീം കോടതി തന്നെ ഈ വർഷം മുതൽ സർവീസ് ക്വാട്ട പുനഃസ്ഥാപിക്കാൻ ഉത്തരവിടുകയുണ്ടായി .

4.മെഡിക്കൽ പി.ജി കോഴ്സുകളിൽ 30 % ആയി SEBC സംവരണം ഉയർത്തണമെന്ന് പിന്നോക്ക സമുദായ കമ്മീഷൻ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി. ടി ശുപാർശയിൽ റിമാർക്സിനായി ഫയൽ നിയമവകുപ്പിന് കൈമാറിയപ്പോൾ പ്രസ്തുത ശുപാർശയിന്മേൽ നിയമ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

**"The Kerala State Commission for Backward classes gave advice to the Government that 30% reservation has to be given to SEBC in admission to Post Graduate Medical courses in the seats available after excluding central Government quota from the total seats.**

**പ്രസ്തുത ശിപാർശ നടപ്പിലാക്കാൻ സാധ്യമല്ല എന്ന് ഭരണവകുപ്പ ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്.ബഹു. സുപ്രീം കോടതി Civil Appeal No.3123/2020 and connected case-ൽ എല്ലാ വിഭാഗത്തിലും കൂടി ആകെ സംവരണം 50% ത്തിൽ കൂടാൻ പാടില്ല എന്ന് നിരീക്ഷിച്ചിട്ടുള്ളതാണ്. കൂടാതെ സംസ്ഥാന സർക്കാരുകൾക്ക് സംവരണം നൽകുന്ന കാര്യത്തിൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനം എടുക്കാവുന്നതാണെന്നും Under Graduate തലത്തിൽ നൽകി വരുന്ന സംവരണം ബിരുദാനന്തര ബിരുദ തലത്തിൽ നൽകണമെന്ന് നിർബന്ധമില്ല എന്നും ബഹു. സുപ്രീം കോടതി Dr.Gulshan Prakash & Ors Vs. State of Haryana & Ors കേസിൽ വ്യക്തമാക്കിയിട്ടുളളതാണ്.ആയതിനാൽ മെഡിക്കൽ പി.ജി. കോഴ്സുകളിലെ OBC/SEBC സംവരണം സംബന്ധിച്ച് സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്."**

5.30/07/2021-ലെ കേന്ദ്ര സർക്കാർ ക്വോട്ടയിൽ 27% പിന്നോക്ക സംവരണം പ്രാബല്യത്തിൽ കൊണ്ടുവന്ന നിലയ്ക്കും SEBC സംവരണം ഉയർത്തണമെന്നുള്ള (30%-PG Medical) പിന്നോക്ക സമുദായ കമ്മീഷന്റെ ശുപാർശ കണക്കിലെടുത്തും ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ എന്നതിന്മേലും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ആകെ സംവരണം 50 % അധികരിക്കരുതെന്ന വിധി (Judgement dated 05/05/2021 in Civil Appeal no 3123 of 2020 and connected cases ) EWS വിഹിതം നൽകുന്നതിൽ ബാധകമാകുമോയെന്നതിന്മേലും വിശദമായ സ്പഷ്ടീകരണം കൂടി നൽകുവാൻ ആവശ്യപ്പെട്ടപ്പോൾ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു .

"The Constitution (One hundred and third Amendment) Act, 2019 പ്രകാരം ഭാരതത്തിന്റെ ഭരണഘടനയിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള അനുച്ഛേദം 15 ഖണ്ഡം (6)-ൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്:-

"15...(6) Nothing in this article or sub-clause (g) of clause (1) of article 19 or clause (2) of article 29 shall prevent the State from making

(a) any special provision for the advancement of any economically weaker sections of citizens other than the classes mentioned in clauses (4) and (5); and

(b) any special provision for the advancement of any economically weaker sections of citizens other than the classes mentioned in clauses (4) and (5) in so far as such special provisions relate to their admission to educational institutions including private educational institutions, whether aided or unaided by the State, other than the minority educational institutions referred to in clause (1) of article 30, which in the case of reservation would be in addition to the existing reservations and subject to a maximum of ten percent of the total seats in each category.

Explanation For the purposes of this article and article 16, "economically weaker sections" shall be such as may be notified by the State from time to time on the basis of family income and other indicators of economic disadvantage.

അനുച്ഛേദം 15 ഖണ്ഡം (6) (b)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള സംവരണം സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു നിലവിലുള്ള സംവരണത്തിന് പുറമെ ആയിരിക്കേണ്ടതാണ് എന്നും അങ്ങനെയുള്ള സംവരണം ഓരോ വിഭാഗത്തിലുമുള്ള ആകെ സീറ്റുകളുടെ എണ്ണത്തിന്റെ 10 ശതമാനത്തിൽ കവിയാൻ പാടില്ലാത്തതുമാണ്.

ആയതിനാൽ The Constitution (One hundred and third Amendment) Act, 2019 പ്രകാരം നിലവിൽ വന്ന അനുച്ഛേദം 15 ഖണ്ഡം (6)-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിന് ഏർപ്പെടുത്താവുന്ന പരമാവധി 10% സംവരണം നിലവിലുള്ള മറ്റ് സംവരണങ്ങളെ ബാധിക്കാത്ത തരത്തിൽ പ്രവേശനത്തിനായി ആകെ ലഭ്യമായ സീറ്റുകളുടെ എണ്ണത്തിന്റെ 10% അധികരിക്കാത്ത നിരക്കിലും അനുഛേദം 15(4) ലും 15(5) ലും ഉൾപ്പെടുന്ന വിഭാഗങ്ങൾ ഒഴികെയുള്ള മറ്റു വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി നടപ്പിലാക്കാവുന്നതാണ്. സാമ്പത്തിക സ്ഥിതി മാത്രം പരിഗണിച്ച് സംവരണം ഏർപെടുത്തുന്നതും പ്രസ്തുത സംവരണം ബഹു സുപ്രീം കോടതി Indira Swhney കേസിൽ നിഷ്കർഷിച്ച 50% അധികരിക്കുന്നതും ചോദ്യം ചെയ്തു ബഹു. സുപ്രീം കോടതിയിൽ Youth for Equality WP(c) 73/2019 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ തീർപ്പു കല്പിച്ചിട്ടില്ലാത്തതുമായ സ്ഥിതിക്ക് നിലവിലെ ഭരണഘടന വ്യവസ്ഥകൾ (അനുച്ഛേദം 15 (6) (b) അനുസരിച്ച് മുന്നോട്ടുപോകാവുന്നതാണ് എന്നും അതോടൊപ്പം ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് SEBC/OBC വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന സീറ്റുകൾ വർദ്ധിപ്പിക്കണമെന്ന സംസ്ഥാന പിന്നാക്കകമ്മീഷന്റെ ശിപാർശയിൻ മേൽ ഈ വകുപ്പിന്റെ 11740/F2/2021/Law

നമ്പർ ഫയലിൽ ഭരണവകുപ്പിന്റെ S3/367/2020/Health ഫയലിൽ അഭിപ്രായം നൽകിയിരുന്നുവെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

6.നിയമ വകുപ്പിന്റെ അഭിപ്രായത്തിന്മേൽ തുടർ ഉത്തരവിനായി ഫയൽ ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ വിശദമായ ശുപാർശ സഹിതം ഫയൽ സമർപ്പിക്കുവാൻ ഉത്തരവായി. തുടർ ചർച്ചയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന 2 രീതിയിലുള്ള റിസർവേഷൻ പാറ്റേൺ പരിഗണനയ്ക്കായി സമർപ്പിച്ചു.

Pattern I ( As implemented in Dental PG/MDS for 2021-2022)

| | | |
|---|---|---|
| SC | 8 % | |
| ST | 2% | |
| SEBC | 20% | |
| PD | 5% | Horizontal |
| EWS | 10% | |
| Service Quota | 10% | |
| Total | 50% (excluding PD) | |

Pattern II (Following SEBC reservation as in GoI)

| | | |
|---|---|---|
| SC | 8 % | |
| ST | 2% | |
| SEBC | 27% | |
| PD | 5% | Horizontal |
| EWS | 10% | |
| Service Quota | 10% | Horizontal |
| Total | 47% (excluding PD & Service Quota) | |

7.മേൽപ്പട്ടികയിലെ ഒന്നാം പട്ടിക അംഗീകരിക്കാമോ എന്ന ശുപാർശയോടെ ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ മേൽ വിവരിച്ചിട്ടുള്ള 2 പട്ടികകളും കൂടാതെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് നിലവിലുള്ള താഴെ പറയുന്ന മാനദണ്ഡവും; അതോടൊപ്പം പി.ഡി-5%,

സർവ്വീസ് ക്വാട്ട-10% എന്ന നിലയിൽ ഹൊറിസോണ്ടലായി ഉൾപ്പെടുത്തുന്ന വിഷയവും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി .

| | |
|---|---|
| എസ്.ഇ.ബി.സി | 30 |
| എസ്.സി | 8 |
| എസ്.ടി | 2 |
| EWS | 10 |
| ആകെ | 50 |

8.കുറിപ്പിൽ നിർദ്ദേശിച്ചിട്ടുള്ള മൂന്ന് പാറ്റേണുകൾ സംബന്ധിച്ച് നിയമസെക്രട്ടറിയുടെ അഭിപ്രായം ആരാഞ്ഞപ്പോൾ അദ്ദേഹം താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"In Indira Sawhney V Union of India , Honble S.C held that reservation being extreme form of protective measure . It should be confined to minority of seats . In anymanner it should not exceed 50 % . The Hon'ble S.C in Dr.Gulshan Prakash's case observed that though State Government is competent to make reservation to a particular class or category, as being a policy matter , there can't be a direction to provide reservation at the level of P.G Now we have 10% reservation to EWS. It is under Challenge. If we go against the Judgement in Indira Sawhney's case by all probabilities it will be struck down by the Court"

**തീരുമാനിക്കേണ്ട സംഗതി**

2021-22 അധ്യയന വർഷം മുതൽ മെഡിക്കൽ പി.ജി പ്രവേശനത്തിന്( ഡെന്റൽ പി.ജി.കോഴ്സുകളിൽ 2022-23 അധ്യയന വർഷം മുതൽ) താഴെപ്പറയുന്ന ഏത് പാറ്റേൺ പ്രകാരമുള്ള സംവരണമാണ് നടപ്പിലാക്കേണ്ടത് ?

Pattern I

| | | |
|---|---|---|
| SC | 8 % | |
| ST | 2% | |
| SEBC | 20% | |
| PD | 5% | Horizontal |
| EWS | 10% | |
| Service Quota | 10% | |
| Total | 50% (excluding PD) | |

അല്ലെങ്കിൽ

Pattern II

| | | |
|---|---|---|
| SC | 8 % | |
| ST | 2% | |
| SEBC | 27% | |
| PD | 5% | Horizontal |
| EWS | 10% | |
| Service Quota | 10% | Horizontal |
| Total | 47% (excluding PD & Service Quota) | |

**അല്ലെങ്കിൽ**

Pattern III

| | | |
|---|---|---|
| SEBC | 30 % | |
| SC | 8 % | |
| ST | 2 % | |
| EWS | 10 % | |
| PD | 5 % | Horizontal |
| Service Quota | 10 % | Horizontal |
| Total | 50 %(Excluding PD & Service Quota) | |